# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2462 18.02.2016 - ൽ മറുപടിയ്ക്ക്

## കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ<br>,, ടി.എൻ പ്രതാപൻ<br>,, പി.എ.മാധവൻ<br>,, ഹൈബി ഈഡൻ | ശ്രീ. പി. ജെ. ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) ഭൂഗർഭജലം ഉപയോഗപ്പെടുത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി, എം. എൽ. എ എസ്. ഡി. എഫ്, എ. ആർ. ഡബ്ല്യൂ. എസ്. എസ്., തുതല പഞ്ചായത്ത്/മറ്റ് സർക്കാർ വകുപ്പുകളുടെ ഡിപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ഭൂഗർഭജലം ഉപയോഗപ്പെടുത്തിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ ഭൂജലവകുപ്പ് നടപ്പാക്കി വരുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) മറ്റ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ? | സി) | രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ ഫണ്ടിനു പുറമേ വരൾച്ചാ ദുരിതാശ്വാസ പദ്ധതി, എം. എൽ. എ എസ്. ഡി. എഫ്, എ. ആർ. ഡബ്ല്യൂ. എസ്. എസ്., ഡി. ആർ. ഡബ്ല്യൂ എന്നിവയിലുൾപ്പെടുത്തി അനുവദിക്കുന്ന തുക ത്രിതല പഞ്ചായത്ത്/ മറ്റ് സർക്കാർ വകുപ്പുകളുടെ ഡിപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗപ്പെടുത്തി ഭൂജല വകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം **2012-2013** ൽ **10** കോടി രൂപയും **2013-2014** ൽ **4** കോടി രൂപയും **2014-2015** ൽ **8.45** കോടി രൂപയും ഭൂജല വകുപ്പിന് ലഭ്യമാക്കിയിരുന്നു. ഇതിൽ **9.94, 3.96, 8.44** കോടി രൂപ യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. **2015-2016** സാമ്പത്തിക വർഷം **2** കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷങ്ങളിലെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ